# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത                                09-07-2014-ൽ മറുപടിക്ക്.

ചോദ്യം നമ്പർ : 6637

## കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.യുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) കേന്ദ്ര സർക്കാരിന്റെ ആണവോർജ്ജ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ. -ന്റെ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. |
| (ബി) ഐ.ആർ.ഇ.ക്ക് ആവശ്യമായ ഇൽമനേറ്റ് ലഭിക്കാതെ ഉൽപാദനം നിർത്തി വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. എന്നാൽ ഐ.ആർ.ഇ.യുടെ പ്രധാന അസംസ്കൃത വസ്തുവായ ധാതുമണൽ വേണ്ടത്ര അളവിൽ ലഭിക്കാത്തതിനാൽ കമ്പനിയുടെ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) കമ്പനിക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;<br><br>(ഡി) ഐ.ആർ.ഇ. യുടെ പ്രവർത്തനം പുനരാരംഭിക്കുവാനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; തടസ്സങ്ങൾ പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ? | (സി) & (ഡി) ഐ.ആർ.ഇ.എൽ-ന്റെ ഖനന പ്രവർത്തനങ്ങൾക്കെതിരായി തദ്ദേശവാസികൾ ഉന്നയിക്കുന്ന തടസ്സങ്ങൾ, കമ്പനി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ വില സംബന്ധിച്ചുള്ള തർക്കം, തദ്ദേശവാസികൾക്ക് കമ്പനിയിൽ ജോലി നൽകണമെന്ന അവകാശവാദത്തിനോടുള്ള കമ്പനിയുടെ വിയോജിപ്പ് എന്നിവ മൂലം കമ്പനിയ്ക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള അളവിൽ അസംസ്കൃത വസ്തു ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. മേൽ പ്രശ്നങ്ങൾ പരിഹരിക്കാൻ വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തിയെങ്കിലും ഇതിന് വേണ്ടത്ര ഫലപ്രാപ്തിയുണ്ടായിട്ടില്ല. തദ്ദേശ വാസികളെ വിശ്വാസത്തിലെടുത്തുകൊണ്ട് മേൽ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ